മിസ്റ്റർ ടി. കെ. നായർ: ഇപ്പോൾ നാലണ വില കൊടുക്കുന്നുണ്ടെങ്കിൽ എട്ടണ കിട്ടിയാൽ കൊള്ളാമെന്നു് തേൻ കൊടുക്കുന്ന ആൾക്കു് ആഗ്രഹമുണ്ടായിരിക്കും. ഇപ്പോൾ ന്യായമായ വിലയാണു് കൊടുത്തുവരുന്നതു്. ആദായത്തിനുവേണ്ടി ചെയ്യുന്ന ഒരു വ്യാപാരമല്ല അതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സംഘത്തിൽനിന്നു് എങ്ങിനെയാണു് കൊടുക്കുന്നതു്?

മിസ്റ്റർ ടി. കെ. നായർ: അതിന്റെ ആറേകാൽ ശതമാനം കമ്മീഷൻ മാത്രമേ മാക്കറിംഗ് സൊസൈറ്റിക്കു് എടുക്കുവാൻ അധികാരമുള്ളൂ.

Mr. A. V. Moothedan *(Chalakkudy):* May I know the Government have not got the power of interference in the internal working of the co-operative societies?

Mr. T. K. Nayar *(Minister for Rural Development):* In this particular case, the society is always managed by the Government.

BEE—ORGANISERS IN THE STATE

376. Mr. K. S. Panicker *(Ezhuvas-Mukundapuram):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേണ്ടു് ദയവായി മറുപടി പറയുമോ.—

(*a*) കൊച്ചി രാജ്യത്തു് ആകെ എത്ര "Bee organisers" നെ നിയമിച്ചിട്ടുണ്ടു്;

(*b*) അവർ ഓരോരുത്തരേയും എന്നു മുതൽ ഏതേതു സ്ഥലങ്ങളിൽ പ്രതിമാസം എത്ര ഉറുപ്പിക ശമ്പളത്തിലാണു് നിയമിച്ചിരിക്കുന്നതു്;

(*c*) ശമ്പളത്തിനുപുറമെ ഇവർക്കു് ഏതെല്ലാം തരത്തിലുള്ള അലവൻസുകൂടി കൊടുക്കുന്നുണ്ടു്;

(*d*) അവർ ഓരോരുത്തരും എതെല്ലാം തരത്തിലുള്ള സംഘടനകളാണു് (Organisation) ഇതിനകം നടത്തിയിട്ടുള്ളതു്;

(*e*) ഇവർ ഓരോരുത്തർക്കും അധികാരപ്പെട്ട സ്ഥലങ്ങളിൽ ക ക൨ ൦ തുലാം ന൮-ാംനു-വരെ ആകെ എത്ര തേൻക്കുടകൾവീതം വിതരണം ചെയ്തിട്ടുണ്ടു്;

(*f*) ഇവർ ഓരോരുത്തരും നിയമന തിയ്യതിമുതൽ ക ക൨ ൦ തുലാം ന൮-ാംനു-വരെ ഓരോ വർഷത്തിൽ ൪ ക ക-ാം നമ്പർ തേനീച്ച വളർത്തുകാരുടെ പരസ്പരസഹായ സംഘത്തിൽ എത്ര ഗാലൻ തേൻ കൊടുത്തിട്ടുണ്ടു്; മാക്കറിംഗ് സൊസൈറ്റിയിൽ എത്ര ഗാലൻ തേൻ കൊടുത്തിട്ടുണ്ടു്;

(*g*) മാക്കറിംഗ് സൊസൈറ്റിയിൽനിന്നും ൪ ക ക-ാം നമ്പർ സൊസൈറ്റിയിൽനിന്നും തേനിനു് എന്തുവീതം വിലയാണു് ക ക ക൯-ൽ കൊടുത്തിരുന്നതു്;

(*h*) Bee organisers നെ നിയമിക്കുന്നതിനുമുമ്പു് ഓരോ താലൂക്കുകളിൽ എത്ര തേൻ കുടുകൾവീതം വിതരണം ചെയ്തിട്ടുണ്ടായിരുന്നു;

(*i*) ഈ ഓർഗനൈസർമാർ ൪ ക ക-ാം നമ്പർ സംഘം സിക്രട്ടറിയുടെ കീഴിലാണൊ ജോലി ചെയ്യേണ്ടതു്;

(*j*) ഇതിൽ ഓർഗനൈസർമാരുടെ Immediate Superior ആപ്പീസർ ആരാണു്?

Mr. T. K. Nayar *(Minister for Rural Development):*

(*a*) ൭.

(*b*) ക— ൭— ക ക ക വു മുതൽ തൃശ്ശിവപേരൂർ, മുകുന്ദപുരവും കൊടുങ്ങല്ലൂരും കുടി, തലപ്പിള്ളി, ചിറ്റൂർ, കൊച്ചികണയന്നൂർ എന്നീ താലൂക്കുകളിൽ ഓരോരുത്തരെ പ്രതിമാസം ഫ ൦ക. ശമ്പളത്തിൽ.

(*c*) സ്ഥിരബത്ത പ്രതിമാസം ക ൦ക. (ഇപ്പോൾ കനു— ൭— ൦ ആയി കൂട്ടിയിട്ടുണ്ടു്) യും ക്ഷാമബത്ത ക ഫക.യും.

(*d*) പ്രചരണവേലയും തേനീച്ചക്കുട വിതരണവും.

(*e*) തൃശ്ശിവപേരൂർ താലൂക്കിൽ — ക, ൦നു
മുകുന്ദപുരം — ഫവു ൭
തലപ്പിള്ളി — ഫ ക ന്യ
ചിറ്റൂർ — ക വു നു
കൊച്ചികണയന്നൂർ — ക ന്യ ൭

LIBRARY ARCHIVES Kerala Legislative Assembly

(*f*) ൪ ൧ ൧-ാം നമ്പർ സംഘത്തിൽ—

തൃശ്ശിവപേരൂർ ഒർഗനയിസർ	൧ ൪, ൩ ൪ ൩ ഔൺസ്
മുകുന്ദപുരം	൨, ൩ ൭ ൭ ,,
തലപ്പിള്ളി	ൻ ൧ ൩ ,,
ചിറവൂർ	൧, ൦ ൨ ൨ ,,
കൊച്ചികണയന്നൂർ	.. ..

മാക്കറിംഗ് സൊസൈറ്റിയിൽ—

തൃശ്ശിവപേരൂർ ഓർഗനയിസർ മാത്രം വ ൨വ കുപ്പി ൧ൻ ഔൺസ്.

(*g*) മാക്കറിംഗ് സൊസൈറ്റിയിൽനിന്നും നൂറിക്ക ൩/4 വീതം കമ്മീഷൻ ഉം പ്പടെ ഔൺസിന്നു് ൦—൩—൩ വീതവും ൪ ൧ ൧-ാം നമ്പർ സൊസൈറ്റിയിൽനിന്നും ഔൺസിന്നു് ആദ്യം ൦—൧—ൻ വീതവും പിന്നീടു ൦—൨—൫ വീതവും വില കൊടുത്തിരുന്നു.

(*h*) തൃശ്ശിവപേരൂർ ൪ ൭ ൩

മുകുന്ദപുരം	൨ ൩ ൪
തലപ്പിള്ളി	൩ ൦
ചിറവൂർ	൩ ൩
കൊച്ചികണയന്നൂർ	൭ ൧

(*i*) അതെ.

(*j*) ൪ ൧ ൧-ാം നമ്പർ സംഘം സിക്കുറി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ; തൃശ്ശിവപേരൂർ താലൂക്കിൽ മറ്റ താലൂക്കുകളേക്കാൾ കൂടുതൽ കൂടുവിതരണം ചെയ്യുവാനുള്ള കാരണമെന്താണു്?

മിസ്റ്റർ ടി. കെ. നായർ: കൂടു വെറുതെ കൊണ്ടുപോയി ചോദിക്കുന്നവർക്കൊക്കെ വിതരണം ചെയ്യുകയല്ല. ആദ്യകാലത്തു ചെയ്തുപോലെ ഇപ്പോൾ കൂടുവിതരണം ചെയ്യുന്നില്ല. ഈച്ചകളെ ശരിക്കു വെച്ചിട്ടുള്ള കൂടുകൾ തേൻ ശരിയായി എടുക്കുവാനുള്ള സൌകര്യങ്ങളോടുകൂടി അതിലേക്കു വേണ്ട പ്രോത്സാഹനങ്ങൾ കൂടുതലായി ചെയ്യുവാൻ സാധിക്കുന്നവർക്കും അങ്ങിനെയുള്ള ആവശ്യക്കാർക്കുമല്ലാതെ പഴയ തരത്തിലുള്ള കൂടുവിതരണസമ്പ്രദായം വേണ്ടെന്നു വെച്ചിരിക്കയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ കൂടു കൊടുക്കുന്നതു് ഈച്ചകളോടുകൂടിയാണോ?

മിസ്റ്റർ ടി. കെ. നായർ: ഗവർമ്മെണ്ടിൽനിന്നു് ഈച്ചകളെ പിടിച്ചു് ശരിയാക്കിയൊന്നും കൊടുക്കുന്നില്ല. ക്രോടോടുകൂടി വേണ്ടപോലെയാക്കി കൂടുതൽ തേൻ കിട്ടുവാൻ എന്തെല്ലാം സൌകര്യങ്ങളുണ്ടോ അതെല്ലാം ചെയ്തുകൊടുത്തുവരുന്നുണ്ടു്. അതിനുള്ള ഉപദേശങ്ങളും കൊടുക്കുവാനും കഴിയുന്ന സഹായങ്ങളും ചെയ്തു കൊടുക്കുവാനുമാണു് ഓർഗനൈസർമാരെ വെച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തൃശ്ശിവപേരൂരിൽ കൂടുകൾ അധികം കൊടുത്തിട്ടുള്ളതു് അവിടെ ഈച്ചകൾ അധികമുള്ളതുകൊണ്ടാണോ?

മിസ്റ്റർ ടി. കെ. നായർ: ഈച്ചകളുടെ സെൻസസ് വെച്ചിട്ടില്ല. ഒരു മാതിരി തേൻ കിട്ടാവുന്ന ദിക്കുകളിലൊക്കെ ഈച്ചയുണ്ടാകും. ആ മാതിരി സ്ഥലങ്ങളിൽ കുറെ അധികം പ്രോത്സാഹനം ചെയ്തുകൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഓർഗനൈസർമാർ മുകുന്ദപുരം, തലപ്പിള്ളി, ചിറവൂർ, കൊച്ചികണയന്നൂർ എന്നീ താലൂക്കുകളിൽ വേണ്ടത്തക്ക പ്രചരണം നടത്തുന്നുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: തൃശ്ശിവപേരൂർ താലൂക്കിലുള്ളതു തേൻ കിട്ടുവാനുള്ള സൌകര്യം മറ്റ താലൂക്കുകളിലില്ല. കൂടുകൾ വെച്ചിട്ടു് കുറേശ്ശെ വല്ലതും കിട്ടിയിരുന്നു. കൊച്ചികണയന്നൂർ താലൂക്കിൽ കൂടുകൾ വെച്ചിട്ടു് തേൻ കിട്ടുവാൻ വളരെ ബുദ്ധിമുട്ടാണെന്നു കണ്ടു. എങ്കിലും അതൊന്നു പരീക്ഷിക്കുകയും ചെയ്തു. തീരെ കുറവായിട്ടാണു് കണ്ടതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ കൂടുകൾ ആവശ്യപ്പെടുന്നവർക്കു് കൊടുക്കുവാൻ സാധിക്കാതെ വരുന്നുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: ഇല്ല. ആവശ്യപ്പെട്ടിട്ടു് കൊടുക്കാതിരുന്നിട്ടില്ല. വെറുതെ ആരെങ്കിലും പത്തും ഇരുപതും കൂടുകൾ ആവശ്യപ്പെട്ടാൽ കൊടുക്കാറില്ലെന്നേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈച്ചകളുടെ കൂടുതൽ കുറവു കണക്കാക്കീട്ടാണോ കൂടുകൾ കൊടുക്കുന്നതു?

മിസ്റ്റർ ടി. കെ. നായർ: അല്ല. കൂട് കൊടുത്താൽ വേണ്ടപോലെ നോക്കുവാൻ സാധിക്കുമോ, കൂടുതൽ പരിശ്രമിക്കുമോ എന്നൊക്കെ നോക്കീട്ടാണു് അതിനു വേണ്ട സൌകര്യങ്ങളൊക്കെ ചെയ്തു കൂട് കൊടുക്കുന്നതു്.

Mr. C. V. Iyyu *(Kunnamkulam):* May I know whether these boxes have the chances of being returned or collected if it is not found useful to these people?

Mr. T. K. Nayar *(Minister for Rural Development):* We cannot collect it because we actually effect the sale in instalments.

Mr. C. V. Iyyu *(Kunnamkulam):* May I know whether it is not given free?

Mr. T. K. Nayar *(Minister for Rural Development):* Not given free.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊച്ചികണയന്നൂർ താലൂക്കിലും അതുപോലെയുള്ള മറ്റു താലൂക്കുകളിലും ഉള്ളവർ കൂടു് ആവശ്യപ്പെട്ടാൽ കൊടുക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: ഞങ്ങളുടെയല്ല കൂടു്. കൂടു് അവരുടെയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈച്ചകളെ മേടിച്ചു് കൂട്ടിലിട്ടാണോ കൊടുക്കുന്നതു?

മിസ്റ്റർ ടി. കെ. നായർ: ഈച്ചകളെ വിലക്കു മേടിക്കാറില്ല. കൂടുകൾവെച്ചു് ഈച്ചകൾ അതിനുള്ളിൽ വരുവാനുള്ള സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കും.

മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ: കൂട മേടിച്ചു വെച്ചിട്ടുള്ളവർക്കു് ഈച്ച കിട്ടാതെ കൂട വെറുതെ വെക്കേണ്ടിവരുന്നുണ്ടു്. അവർക്കു് ഈച്ചകൾ കിട്ടുവാനുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കാമോ?

മിസ്റ്റർ ടി. കെ. നായർ: ചില സ്ഥലങ്ങളിൽ ഈച്ച തീരെ കാണാറില്ല. അങ്ങിനെയുള്ള സ്ഥലങ്ങളിൽ കൂടുകളിലേക്കു ഈച്ച കയറിപ്പോകുവാനുള്ള സൌകര്യത്തിനു് മാവിൻറെയോ പ്ലാവിൻറെയോ കൊമ്പുകൾ വെട്ടിവെച്ചു് ഈച്ചകൾ അതിനുള്ളിലേക്കു പറന്നു കയറുവാനുള്ള സൌകര്യങ്ങൾ ചെയ്യാറുണ്ടു്. വേറെ കൂടുകളിൽനിന്നു് ഈച്ചകളെ പകുത്തി കൊടുക്കുവാനുള്ള ഏർപ്പാടുകൾ ഓർഗനൈസർമാർ ചെയ്തുവരുന്നുണ്ടു്.

Mr. C. V. Iyyu *(Kunnamkulam):* The Hon'ble Member for Mukundapuram wishes to start a bee business by purchasing these things. Has the Government any objection to take him?

Mr. T. K. Nayar *(Minister for Rural Development):* There is no objection at all.

MINOR IRRIGATION WATER—ALLOTMENT FOR

377. Mr. K. S. Panicker *(Ezhuvas-Mukundapuram):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ—

(*a*) മൈനർ ഇറിഗേഷൻ പണികൾക്കുവേണ്ടി ഫ ഫ ഫ വു-ൽ ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണ മന്ത്രി ആകെ എത്ര സംഖ്യയാണു് നീക്കിവെച്ചിരുന്നതു്;

(*b*) അതു ഏതേതു പഞ്ചായത്തിലേക്കു എത്ര ഉറപ്പികവീതം നീക്കിവെച്ചു;

(*c*) പ്രസ്തുത പണികളിൽ ആ കൊല്ലത്തിൽ ആകെ എത്ര ഉറപ്പികക്കുള്ള പണികൾ നടത്തി;

(*d*) പണി നടത്താത്ത ഏതെല്ലാം പണികൾക്കു ഏതെല്ലാം പഞ്ചായത്തിലേക്കു എത്ര ഉറപ്പിക വീതം കൊടുത്തു;

(*e*) മൈനർ ഇറിഗേഷൻ പണികൾക്കായി ടി കൊല്ലത്തിൽ നീക്കിവെച്ച സംഖ്യയിൽനിന്നു യാതൊരു പണിയും നടത്താത്ത പഞ്ചായത്തുകൾ ഏതെല്ലാം;

(*f*) പണികൾ നടത്താതെ പണം പറ്റിയ പഞ്ചായത്തുകൾ വല്ലതും ഉണ്ടോ;

(*g*) ഉണ്ടെങ്കിൽ അവ ഏതേതു പഞ്ചായത്തുകൾ;

(*h*) ജലസേചനപദ്ധതി പരിഷ്കരിക്കുവാൻ കുളത്തിന്നാകുന്ന കുളം കുത്തിയുണ്ടാക്കുന്നതു് കുളത്തിൽ ബാക്കിയുള്ള സ്ഥലത്തും കൃഷി നടത്തിക്കുവാൻ വേണ്ടിയാണോ;

(*i*) മൈനർ ഇറിഗേഷനുവേണ്ടി ഫ ഫ ഫ വു-ൽ നീക്കിവെച്ച ആകെ സംഖ്യയിൽ നിന്നും ആ കൊല്ലാവസാനത്തിൽ പണി മുഴുവൻ കഴിച്ചതും കുറച്ചുമാത്രം പണിയെ കഴിച്ചിട്ടുള്ളുവെങ്കിലും പണം മുഴുവൻ കൊടുത്തതും കഴിച്ചു് കൊല്ലാവസാനത്തിൽ ആകെ എത്ര ഉറപ്പിക ബാക്കിയുണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly